4

# “പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ!”

“സന്തോഷ”മായിരിക്കുക – എന്ന ഏകലക്ഷ്യമാണ് ഇന്നു ആളുകൾക്കുള്ളത്. അവർക്ക് വേതു വിനോദവും, ആവേശവും, “തമാശയും കളിയും” ആണ്. ബൈബിൾപരമായ സന്തോഷവും ലോകത്തിന്റെ “സന്തോഷവും” തമ്മിൽ തെറ്റിദ്ധരിക്കരുത്. മിക്കപേരും വിശുദ്ധിയേക്കാൾ സന്തോഷത്തെയും, നിർമ്മലതയേക്കാൾ സുരക്ഷിതത്വത്തെയും, വിശ്വസ്തതയേക്കാൾ വിജയത്തെയുമാണ് ആഗ്രഹിക്കുന്നത്. പരിതാപകരമായി, മിക്ക രക്ഷിതാക്കളും തങ്ങളുടെ മക്കൾക്ക് “സന്തോഷം” മാത്രം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നു. എന്നാൽ അതിലും ഖേദകരം, അവർക്ക് അതു ലഭിക്കുന്നില്ല എന്നതാണ്. ചിലർ, നികൃഷ്ടമായ പാപത്തിലകപ്പെട്ട്, തീർച്ചപ്പെടുത്തും, “എന്റെ ജീവിതശൈലി ഒരുപക്ഷെ പാപമുള്ളതാകാം, എന്നാൽ ഞാൻ സന്തോഷിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നതായി എനിക്കു തോന്നുന്നു.” യഥാർത്ഥത്തിലുള്ള ആത്മിയതയും ലോകത്തിന്റെ “സന്തോഷ”വും തമ്മിൽ സാധാരണ ചേർന്നു പോവുകയില്ല. ഈ നിർവ്വചനം അനുസരിച്ച് ദൈവം ആരോടും “സന്തോഷിക്കണമെന്നു” കല്പിച്ചിട്ടില്ല.

അതുപോലെ, ആധുനിക സമൂഹം ആരോഗ്യത്തെ ഒരു വിഗ്രഹത്തെ എന്നപോലെ ആരാധിക്കുന്നു. അതാണ് “ഉള്ളത്”! ആളുകൾ വ്യായാമത്തിലേർപ്പെടുന്നു, പച്ചിലകൾ ഉപയോഗിക്കുന്നു, ഓരോ പുതിയ പദ്ധതികളെ പിൻതുടരുന്നു. അവരുടെ ശരീരങ്ങളെ അവർ ആരാധിക്കുമ്പോൾ, തങ്ങളുടെ ആത്മാക്കളെ അവർ അവഗണിക്കുന്നു.

വിശുദ്ധി എവിടെ പോയി? മുൻപോട്ടു തുടർന്നുപോകുമ്പോൾ സന്തോഷം പരാജയപ്പെടുന്നു. അവസാനമുള്ള മരണത്തെ അതിജീവിക്കുവാൻ ആരോഗ്യത്തിനു കഴിയുകയില്ല. “എല്ലാവരോടും സമാധാനം ആചരിച്ച്, ശുദ്ധീകരണം പ്രാപിപ്പാൻ ഉൽസാഹിപ്പിൻ” (എബ്രായർ 12:14). ഉത്തരവാദിത്വസ്വഭാവമില്ലാത്ത ആളുകളെയും സഭകളെയും പണിയുവാൻ ശ്രമിക്കുന്നതുകൊുനാം പരാജയപ്പെടുന്നു. നാം ആഗ്രഹിക്കുന്നതു വിശുദ്ധമായ സഭയല്ല എണ്ണത്തിൽ വലിയ സഭയാണ്. സഭയുടെ മുഖാമുഖത്തിൽ, എന്റെ പേരും, വിദ്യാഭ്യാസവും, ജോലിയെ കുറിച്ചുള്ള വിവരങ്ങളും, സഭ നേരിടുന്ന പ്രശ്നങ്ങളും എന്നോട് ചോദിച്ചിട്ടു്. എന്നാൽ, “നിങ്ങൾ വിശുദ്ധനാണോ?” എന്നാരും ചോദിച്ചിട്ടില്ല; “നിങ്ങൾക്ക് ദൈവത്തോട് ആഴത്തിലുള്ള ബന്ധമുറോ?” വിശുദ്ധമായ ഒരു നടപ്പാണ് നമ്മുടെ ദിവസേനയുള്ള നടപ്പ്.

ഞാൻ കോളേജിലായിരുന്നപ്പോൾ, ഒരു പണ്ഡിതനായ സന്ദർശകൻ ഞങ്ങളെ “പ്രീച്ചർ ബോയ്സ്”എന്നു വിളിച്ചതു ഞങ്ങളെ ദേഷ്യപ്പെടുത്തുകയും ഞെട്ടിപ്പിക്കുകയും ഉായി. ദൈവത്തിന്റെ ഒന്നാമത്തെ മനോഗുണം സ്നേഹമല്ല, പരിശുദ്ധിയാണ് എന്നും അദ്ദേഹം പറഞ്ഞു. സ്നേഹത്തിന് അദ്ദേഹം നാലാമത്തെ സ്ഥാനമാണ് നൽകിയത്. അയാൾ പരിശുദ്ധിക്ക് ആദ്യത്തെ

സ്ഥാനം നൽകിയത് ശരിയാണ്. (സ്നേഹം നാലാമതായിട്ടാണോ വരേത് എന്നെനിക്കറിയില്ല; അതു അഞ്ചാമതോ ഏഴാമതോ ആയിരിക്കാം.) "നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം, അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ" (1 പത്രൊസ് 1:15, 16). പത്രൊസ് ഊന്നൽ കൊടുത്തതു "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്നതിനാണ്, അല്ലാതെ "സ്നേഹം, സ്നേഹം, സ്നേഹം" എന്നതിനല്ല.

ഇന്നു പലർക്കും ദൈവം " ഉ ് " - എന്നാൽ പരിശുദ്ധനായ, ബൈബിളിലെ ദൈവമല്ല ഉള്ളത്. പരിമിതിയില്ലാത്ത, മാറാത്ത, നിത്യനായ, ജീവനുള്ള, പരിശുദ്ധനായ ദൈവത്തിലേക്കു പോകുന്നതല്ല ഇപ്പോഴത്തെ പ്രവണത! ഈ ദൈവത്തോടൊപ്പമാണ് നാം ദിവസേന നടക്കുന്നത്. ദൈവത്തെ പരിശുദ്ധനായി നിങ്ങൾക്കു ചിന്തിക്കുവാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങൾക്ക് ദൈവഭയം ഉ ാ ക യി ല്ല. "ദൈവത്തെ ഭയന്നു അവന്റെ കല്പനകളെ പ്രമാണിക്ക, ഇതാകുന്നു സകല മനുഷ്യർക്കും വേ ത് " (സഭാപ്രസംഗി 12:13).

അതെ, ദൈവം സ്നേഹമാണ് (1 യോഹന്നാൻ 4:8, 16). ഇതിനപ്പുറമായി, അവൻ വെളിച്ചമാകുന്നു (1 യോഹന്നാൻ 1:5). ദൈവത്തിന്റെ ആദ്യ വിശുദ്ധിയെ ആദരിക്കുക. ദൈവസ്വഭാവത്തെ വിശുദ്ധമായി സൂക്ഷിക്കുക! ദൈവം സ്നേഹമാണ്, എന്നാൽ സ്നേഹം ദൈവമല്ല. സ്നേഹം ദൈവത്തെ നിർവ്വചിക്കുന്നില്ല; ദൈവം സ്നേഹത്തെ നിർവ്വചിക്കുന്നു. ദൈവം സ്നേഹം ആകുന്നതു കൊല്ല ക്രൂശ് ആവശ്യമില്ലാത്തത്, എന്നാൽ ദൈവം വിശുദ്ധനാകയാലാണ്. നിങ്ങൾ "സ്നേഹത്തെ തെളിയിക്കുവാൻ" നിങ്ങളുടെ മകനെ കൊല്ലേ കാര്യമില്ല - അതു ഭ്രാന്താണ്. "സ്നേഹവാനായ ദൈവത്തിനു എങ്ങനെ ഒരു പാപിയെ നരകത്തിലേക്ക് അയക്കുവാൻ കഴിയും?" എന്നു ചോദിക്കുന്നത്, തെറ്റായ ചോദ്യത്തെ ഉയർത്തുന്നതാണ്. *പരിശുദ്ധനായ* ദൈവത്തിനു പാപികളെ എങ്ങനെ നരകത്തിലേക്ക് അയക്കുവാൻ കഴി*യാതിരിക്കും?* ദൈവത്തിനു പാപത്തെയും പാപികളെയും തൊടുവാൻ കഴിയുകയില്ല. പരിശുദ്ധനായ ദൈവമുൻപാകെ പാപിയായ ഒരു മനുഷ്യനു നില്പാൻ അവകാശമോ കാരണമോ ഇല്ല! "പാപിയായ മനുഷ്യനു എങ്ങനെ വിശുദ്ധനാകുവാൻ കഴിയും?" എന്നതാണ് എപ്പോഴുമുള്ള പ്രശ്നം. ഓരോ പാപത്തെയും ശിക്ഷിക്കണം. ഒരു പാപത്തിനും സ്വർഗത്തിൽ പ്രവേശനമില്ല.

പാപത്തിന്റെ ശമ്പളം മരണമത്രേ (ഉൽപത്തി 2:17; റോമർ 6:23). പാപിയായ മനുഷ്യൻ നഷ്ടപ്പെട്ടവനും, നിസ്സഹായനും, പ്രത്യാശയില്ലാത്തവനുമാണ്. പാപിയായ മനുഷ്യനു തന്നെത്താൻ രക്ഷപ്പെടുവാൻ സാധ്യമല്ല. ദൈവത്തിന്റെ പരിശുദ്ധി അവന്റെ ക്രോധത്തെയും ആവശ്യപ്പെടുന്നു. ദൈവം ദൈവം ആയിരിക്കണം. ദൈവത്തിന്റെ പരിശുദ്ധി നീതി ആവശ്യപ്പെടുന്നു. ഇപ്പോൾ, അതു, സ്നേഹത്തിന്റെ മഹത്വമുള്ള കിരീടമാകുന്നു (കൃപ ശരിയായി മനസിലാക്കുന്നു). മനുഷ്യനു ചെയ്യുവാൻ കഴിയാതിരുന്നത്, ദൈവം മനുഷ്യനിൽ ചെയ്തു. ദൈവം മനുഷ്യവർഗത്തോടു ചേർന്നു ക്രിസ്തുവിൽ മനുഷ്യനായി. യേശു തികഞ്ഞ ജീവിതം നയിക്കുകയും തന്റെ രക്തം ചിന്തുകയും ചെയ്തു. നീതി മരണത്തെ ആവശ്യപ്പെട്ടു - ഒരു രക്തയാഗം. സ്നേഹം വില കൊടുത്തു! "ദൈവം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16). യേശു അനേകർക്കു മറുവിലയായി തന്റെ ജീവനെ കൊടുത്തു (മത്തായി 20:28). എല്ലാവർക്കും വേ ി മരണം ആസ്വദിച്ച, *ഏകരക്ഷകൻ,* യേശു മാത്രമാണ് (എബ്രായർ 2:9; പ്രവൃത്തികൾ 4:11, 12). ദൈവത്തിന്റെ വിശുദ്ധികൂ

ടാതെ അവന്റെ സ്നേഹത്തിനു അർത്ഥമില്ല. ദൈവം വിശുദ്ധനായി തന്നെ നില്ക്കുന്നു; ക്രൂശിലെ യേശുവിൽ ദൈവത്തിന്റെ ക്രോധം പകർന്നു. അതാണ് *സുവിശേഷം*! "ദൈവം ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു, ..." (2 കൊരിന്ത്യർ 5:19–21). യേശുവിനെകൂടാതെ, പാപികൾക്ക് അവരുടെ പാപങ്ങളിൽ മരിക്കുവാനേ കഴിയൂ. യേശു പാപികൾക്ക് വേി, അഭക്തർക്കു വേിയാണ് മരിച്ചത് (റോമർ 5:6–8). വാസ്തവമായോ അല്ലെങ്കിൽ ശക്തമായോ, യേശു പാപികളെ രക്ഷിച്ചവരാക്കുകയല്ല ചെയ്തത്; മറിച്ച്, അവൻ പാപികളെ ''രക്ഷിക്കപ്പെടുവാൻ'' പ്രാപ്തരാക്കുകയായിരുന്നു. *ദൈവം തന്നെത്താൻ ... അവനെ നല്കിയത് ... അവനിൽ* നിന്നു *നമ്മെ* രക്ഷിക്കുവാനാണ്!

> എനിക്ക് "സന്തോഷിക്കുവാൻ" *അവകാശ*മു ോ? *ഇല്ല!*
> എനിക്ക് "ആരോഗ്യവാനായിരിക്കുവാൻ" *അവകാശ* മു ോ? *ഇല്ല!*
> എനിക്ക് "വിശുദ്ധനാകുവാൻ" *അവകാശ* മു ോ? *ഉ ് !*

**************

# പരിശുദ്ധാത്മാവും ഞാനും

## 1 കൊരിന്ത്യർ 2:9 - 16

> "ആത്മാവിനെ അനുസരിച്ചു നടപ്പിൻ, എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല, എന്നു ഞാൻ പറയുന്നു. ജഡാഭിലാഷം ആത്മാവിനും, ആത്മാഭിലാഷം ജഡത്തിനും വിരോധമാകുന്നു; ... ആത്മാവിനാൽ നാം ജീവിക്കുന്നുവെങ്കിൽ, ആത്മാവിനെ അനുസരിച്ചു നടക്കയും ചെയ്ക" *(ഗലാത്യർ 5:16, 17, 25).*

തീർച്ചയായും, പരിശുദ്ധാത്മാവിനെ കൂടാതെ ആത്മിയത നമുക്ക് സാധ്യമല്ല. കടന്നുപോയ അമ്പതു വർഷക്കാലം ആത്മാവിൽ വളരെ താല്പര്യം കാണിച്ചിരുന്നു. നിർഭാഗ്യവശാൽ, വളരെ കുറച്ചും നിലനിന്നിരുന്നു. ആത്മാവിനെ തിരിച്ചറിയുന്നത് ഒന്നുകിൽ (1) ബഹിഷ്ക്കരണം അല്ലെങ്കിൽ (2) "സെയിന്റ് വിറ്റസിന്റെ ഡാൻസ്." രു സമീപനങ്ങളും – അതായത് ''നമുക്ക് അവനെ മറക്കാം" എന്നതും "നമുക്ക് കിറുക്കുള്ളവരാകാം" എന്നതും – തെറ്റാണ്.

ആത്മാവുമായുള്ള നമ്മുടെ കൃത്യാന്തരം നമ്മെ ആത്മാവിൽ പക്വത വരുത്തിയിട്ടില്ല. എന്തുകൊ്? ഒന്നാമതു, നമുക്ക് തിരുവെഴുത്തുകൾ അറിയില്ല, രാമത്, നമുക്ക് ഒരു ബോധവുമില്ല. സദൂക്യരുടെ ചോദ്യത്തിനു, യേശു മറുപടി പറഞ്ഞു, "നിങ്ങൾ തിരുവെഴുത്തുകളെയും [ബൈബിൾ] ദൈവശക്തിയെയും [ബോധം] അറിയായ്കകൊത്രെ, തെറ്റിപോകുന്നത്" (മത്തായി 22:23–32). ആത്മാവാണ് നമുക്ക് തിരുവെഴുത്ത് നല്കിയത് (2 പത്രൊസ് 1:20, 21; 2 തിമൊഥെയൊസ് 3:15–17), അവ കൂടാതെ നമുക്ക് ആത്മീയമായി വളരുവാൻ സാധ്യമല്ല. ആത്മാവും തിരുവെഴുത്തും വൈരുദ്ധ്യം ഉളവാക്കുകയില്ല. *ആത്മീയ* നടപ്പിനുള്ള *തിരുവെഴുത്തു* വഴിയാണ് അത്. പത്ഥ്യോപദേശത്തിനു

ശക്തമായി വേരൂന്നുവാൻ കഴിയും. ആത്മിയതയെ അനുകൂലിക്കുന്നതിനു വേ നാം ഒരിക്കലും വേദശാസ്ത്രത്തെ അവഗണിക്കരുത്. വചനത്തെ സ്നേഹിക്കുവാനും, ധ്യാനിക്കുവാനും, അനുസരിക്കുവാനുമാണ് ആത്മാവു പഠിപ്പിക്കുന്നത്. തിരുവെഴുത്തുകളെയും സുബോധത്തെയും കണക്കാക്കാതെ ആളുകൾ അനുഭവങ്ങളിലും വികാരങ്ങളിലും ആശ്രയിക്കുമ്പോൾ ആത്മാവ് അവരെ കുഴപ്പത്തിലാക്കുന്നു.

ചില ബൈബിൾ തർജ്ജിമയിൽ ആത്മാവിനെ ഒരു വ്യക്തി എന്നതിനു പകരം "അത്" അല്ലെങ്കിൽ ഒരു "പ്രേതം" എന്നു സൂചിപ്പിക്കുന്നതു ആ പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുന്നു. ആത്മാവ് എന്നത്, യാതൊന്നിന്റെയും ഉത്തേജിപ്പിക്കുന്ന ചിന്തയോ, ഊർജ്ജമോ, ഗുണത്തെ ആരോപിക്കുന്നതോ അല്ല – ആത്മാവ് ഒരു വ്യക്തിയാണ്. ഞാൻ ഒരു വ്യക്തി ആയിരിക്കുന്നതുപോലെ അവനും ഒരു വ്യക്തിയാണ്. അവനു പ്രത്യേകമായ വ്യക്തിത്വമു്. അവനു കേൾക്കുവാനും, സംസാരിക്കുവാനും, ആഗ്രഹിക്കുവാനും, ദുഃഖിക്കുവാനും, സന്തോഷിക്കുവാനും കഴിയും. ഊഹാപോഹത്തിലേക്കു തിരിയാതെ, സത്യവചനത്തിൽ തന്നെ നില്ക്കുക. ബൈബിൾ ജീവനുള്ളതാണ് (എബ്രായർ 4:12); ജീവനുള്ള വചനത്താൽ മാത്രമേ ആത്മാവിനു വ്യക്തിപരമായി നമ്മോടു സംസാരിക്കുവാൻ കഴിയൂ.

സുബോധത്തോടെ മാത്രമേ തിരുവെഴുത്ത് പ്രയോഗിക്കുവാൻ കഴിയൂ. നമ്മുടെ ദിവസേനയുള്ള നടപ്പ് തിരുവെഴുത്തുകളാൽ "വിശുദ്ധീകരിക്കപ്പെട്ട സാമാന്യബുദ്ധിയോടെ" ഉള്ളതാണ്. തിരുവെഴുത്തുകളാലും ബോധത്താലും ആത്മാവിനെകുറിച്ചുള്ള പല തെറ്റിദ്ധാരണകളും തിരുത്താം. ഇക്കാര്യത്തിൽ നാം അത്ര നല്ലവരല്ല! ആത്മാവിനെ നമ്മിൽ തന്നിരിക്കുന്നത് നാം നല്ലവരാണെന്നു സ്വയം തോന്നിപ്പിക്കുന്നതിനോ അല്ലെങ്കിൽ സഭയിൽ തമാശ ജനിപ്പിക്കുന്നതിനോ അല്ല. നേരെ മറിച്ച്, നാം സാത്താനെ ഭയപ്പെടുന്നതിനേക്കാളധികം ആത്മാവിനെ ഭയപ്പെടുകയുമരുത്! ആത്മാവു "കപടനാട്യം" കാണിക്കുന്നില്ല. അവൻ നമ്മെ "തയ്യാറാക്കുന്നതിന്" ശക്തിപ്പെടുത്തുന്നില്ല. അത്തരം വിഡ്ഢിത്തങ്ങൾ സഭയുടെ വിശ്വാസ്യത നശിപ്പിക്കുമെന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 14:23). ആത്മാവു ഭ്രാന്തുാക്കുന്നുമില്ല.

അതെ, ആത്മാവു നിഗൂഢതയുള്ളതാണ്. ദൈവം നിഗൂഢമാണ്. സുവിശേഷം നിഗൂഢമാണ്. സഭയെയും മനസ്സിലാക്കാൻ പറ്റാത്തതാണ്. എങ്ങനെയായാലും, നിഗൂഢമാവുക എന്നത് അന്ധവിശ്വാസമുള്ളതോ ക്രൂരമായതോ ആയി തീരുക എന്നല്ല. ആത്മാവു സത്യമാണ് (1 യോഹന്നാൻ 5:6). അവൻ നമ്മെ സകല സത്യത്തിലും വഴി നടത്തിയിരിക്കുന്നു (യോഹന്നാൻ 16:13; 14:26). സത്യത്തെ ബോധത്തോടുകൂടെ മാത്രമേ കൈകാര്യം ചെയ്യുവാൻ കഴിയൂ. ആത്മാവു സുബോധമാണ്, അല്ലാതെ ബുദ്ധിഭ്രമമല്ല. *നമുക്ക് തിരുവെഴുത്തും സുബോധവും ആവശ്യമാണ്!*

## പരിശുദ്ധാത്മാവ് ദൈവം ആണ്

ആത്മാവിനെകുറിച്ചുള്ള ഏതൊരു ബൈബിൾ പഠനത്തിലും പരിശുദ്ധാത്മാവ് ദൈവം ആണെന്നുള്ള വസ്തുത പ്രാധാന്യമുള്ളതാണ്. ഈ സത്യം മനസിലാക്കിയാൽ എല്ലാ മത്തരവും നീങ്ങിപോകുന്നതാണ്. ആത്മാവ് ദൈവം ആണ്! ദൈവത്തെ ആദരിക്കേത് – പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം എന്നീ നിലയിലാണ്. ദൈവം ക്രമ

മുള്ളവനാണ്, കലക്കമല്ല ഉാക്കുന്നത് (1 കൊരിന്ത്യർ 14:33, 40). പിന്നെ എന്തിനാണ് ആത്മാവിൽ നിന്ന് കലക്കം ആഗ്രഹിക്കുന്നത്?

1. *ത്രിത്വം.* ബൈബിളിലെ ദൈവം മൂന്നുപേർ ഒന്നിൽ അടങ്ങുന്ന ദൈവം ആണ്. ത്രിത്വം, എന്ന ദൈവികത്വം, വാസ്തവത്തിന്റേയും, ഐക്യതയുടേ യും, സമാധാനത്തിന്റേയും ഉറവിടമാണ്. നമ്മുടെ ദിവസേനയുള്ള നടപ്പ് ത്രീയേക ദൈവത്തോടുകൂടെയുള്ള നടപ്പാണ്.

2. *ദൈവം.* ദൈവത്തിന്റെ സത്ത ആത്മാവാണ് (യോഹന്നാൻ 4:22–24). ആത്മാവിനെകുറിച്ചു ഗവേഷണം നടത്തുന്നതിനു മുൻപു നാം ദൈവത്തെ അഗാധമായി ആദരിക്കണം. നാം അങ്ങനെ ചെയ്തില്ലെങ്കിൽ, രഹസ്യവാദവും അന്ധവിശ്വാസവും ആയിരിക്കും ഫലം.

തീർച്ചയായും, ആളുകൾക്കുള്ളിൽ പരിശുദ്ധാത്മാവിനെ കുറിച്ച് പല സംശ യങ്ങളു്. ആത്മാവിന്റെ വ്യക്തിപരമായ പേരെന്താണ്? ആത്മാവിനു പേരില്ല. ആത്മാവിനെ സ്നേഹിക്കുവാൻ ബൈബിളിൽ പ്രത്യേകമായി കല്പിച്ചിരിക്കു ന്നത് എവിടെയാണ്? അങ്ങനെയുള്ള പ്രത്യേക കല്പന നിലനില്ക്കുന്നില്ല. എങ്ങനെയായാലും, അടിസ്ഥാനപരമായി ദൈവത്തെയും പിന്നെ നമ്മുടെ ശത്രുക്കളേയും സ്നേഹിക്കുന്നതിനിടയിൽ, നാം അവനെ സ്നേഹിക്കുന്നതു തീർച്ചയായും ശരിയാണ്!

നമ്മോടു വ്യക്തിപരമായ ബന്ധമില്ലെങ്കിൽ ആത്മാവ് അദൃശ്യനാണ്. ദൈവം ത്രിത്വമാണ്. എല്ലാവരും ദൈവത്തിനു തുല്യരാണ്, എങ്കിലും പ്രവൃ ത്തിയിലും വ്യക്തിത്വത്തിലും വെവ്വേറെയുമാണ്. എല്ലാവരും അന്യോന്യം കീഴ്പ്പെട്ടിരിക്കുന്നു. ആത്മാവ് തന്നിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിക്കാതെ, പിതാ വിലും പുത്രനിലും ശ്രദ്ധിക്കുന്നു. ആത്മാവിനെ അഭിവൃദ്ധിപ്പെടുത്തുന്നതും മഹത്വപ്പെടുത്തുന്നതും കാണുന്നതു അവനെ ഭയപ്പെടുത്തുന്നു! അങ്ങനെ ചെയ്യുന്നതു അവന്റെ സ്വഭാവത്തിനും പ്രവൃത്തിക്കും എതിരാണ്. നാം ശ്രദ്ധി ക്കേത് ആത്മാവിനെയല്ല, ദൈവത്തേയും യേശുവിനേയും ആണ്.

ആത്മാവു ദൈവത്തെ അറിയുകയും വെളിപ്പെടുത്തുകയും ചെയ് തിരി ക്കുന്നു (1 കൊരിന്ത്യർ 2:9–13). ആത്മാവുള്ളതിന്റെ ലക്ഷണം ക്രിസ്തുവിന്റെ മനോഭാവം ഉള്ളവരായിരിക്കും എന്നതാണ്. ദൈവത്തെ അറിയാതെ ദൈവ ത്തിൽനിന്നു അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നതു ദൈവത്തെ അപമാനി ക്കുന്നതിനു തുല്യമാണ്. ആത്മാവിനെകുറിച്ച് അറിവില്ലാതെ അത്ഭുതങ്ങളും അനുഭവങ്ങളും അവനിൽ നിന്നുമാഗ്രഹിക്കുന്നതു ആത്മാവിനെ അപമാനി ക്കലാണ്. ആത്മാവിനാൽ മാത്രമേ നമ്മിൽ ദൈവത്തിന്റെ നിറവു ലഭിക്കയുള്ളൂ (എഫെസ്യർ 3:14–19). ആത്മിയത "കറുത്ത ഇന്ദ്രജാലമോ" "വൂഡൂ" ചടങ്ങു കളോ അല്ല. ആത്മാവു നമുക്കുവേി അനുഭവങ്ങൾ നല്കുകയില്ല.

3. *യേശുക്രിസ്തു.* യേശുവിനെ മഹത്വപ്പെടുത്തുവാനാണ് യേശു ആത്മാ വിനെ അയച്ചത്. യേശുവിനെ ശ്രദ്ധിക്കാതെ ആത്മാവിനെ ശ്രദ്ധിക്കുന്നതു ആത്മാവിനെയും അവന്റെ ദൗത്യത്തെയും ലംഘിക്കുന്നതാകും. ആത്മാവ് സഹായി ആണ് (ഗ്രീക്ക്.: *പാരാക്ലേറ്റേ*) അവനെ യേശു അയച്ചതു നമ്മെ ആശ്വ സിപ്പിക്കേതിനാണ് (യോഹന്നാൻ 14:16–18, 26; 15:26; 16:7–15). പിതാവിൽ നിന്നോ പുത്രനിൽനിന്നോ നാം ഒരിക്കലും പരിശുദ്ധാത്മാവിനെ വേർപെടു ത്തരുത്. അവർ ആരാണോ, അതാണ് അവൻ. അവർ പഠിപ്പിച്ചത്, അവൻ വെളിപ്പെടുത്തി. ആത്മാവിനെ ആത്മാവായി അനുവദിച്ചില്ലെങ്കിൽ നാം വെറുതെ പരീക്ഷണത്തെ പ്രതിരോധിച്ചു കൊിരിക്കയേയുള്ളൂ! അജ്ഞ

തയും വിഡ്ഢിത്തവും കൊു പരിശുദ്ധാത്മാവിനെ പരിഹസിക്കാതിരിക്കുക. അസാധാരണ അനുഭവങ്ങൾ ക്രിസ്തീയ പക്വതക്ക് ആവശ്യമില്ല. നാം യേശുവിനെ സ്നേഹിക്കുകയും, അറിയുകയും, യേശു ജീവിച്ചതുപോലെ മിക്കവാറും ജീവിക്കുകയും ചെയ്യുമ്പോൾ, നാം ആത്മാവിനാലാണ് നയിക്കപ്പെടുന്നതു എന്നു മനസ്സിലാക്കും.

ക്രിസ്തുവിൽ ഉള്ള സകല ആത്മിയ അനുഗ്രഹങ്ങളാലും ദൈവം നമ്മെ അനുഗ്രഹിക്കുന്നതായി പൗലൊസ് എഫെസ്യർ 1:3-ൽ ഓർമ്മിപ്പിക്കുന്നു്. ആ ആത്മിയാനുഗ്രഹങ്ങൾ നൽകുന്നത് ആത്മാവിനാൽ മാത്രമാണ്. ത്രിത്വം മുഴുവൻ എഫെസ്യർ 1:3-ൽ പ്രവർത്തിക്കുന്നു്. സഭയെ കേന്ദ്രീകരിച്ചുള്ള വേദശാസ്ത്രപുസ്തകമാണ് എഫെസ്യർ. അതു എഫെസ്യസഭക്കു എഴുതിയതാണ്. ദൈവം, ക്രിസ്തുവിൽ, സഭയിലെ ആത്മാവു മുഖേന നമുക്കു എല്ലാ ആത്മിയമായ അനുഗ്രഹങ്ങളും നൽകുന്നു! എന്തൊരു പ്രസ്താവന!

**പരിശുദ്ധാത്മാവ് നമ്മുടേതാണ്**

പഴയനിയമത്തിലെ ദൈവികത്വത്തെ പ്രതിനിധീകരിച്ചത് പിതാവായ ദൈവം ആയിരുന്നു. അവൻ നമുക്കിടയിലായിരുന്നപ്പോൾ ദൈവികത്വത്തെ പ്രതിനിധീകരിച്ചത് പുത്രനായ ദൈവം ആയിരുന്നു (മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ). പരിശുദ്ധാത്മാവായ ദൈവം ഇറങ്ങി വന്നു (പ്രവൃത്തികൾ 2) അതു ക്രിസ്തു മടങ്ങി വരുന്നതുവരെ ദൈവികത്വത്തെ പ്രതിനിധീകരിക്കുവാനാണ്. നമ്മുടേത് ആത്മാവിന്റെ യുഗമാണ്. ആത്മാവിന്റെ വാസം നമ്മുടെ രക്ഷയുടെ ഉറപ്പാണ് (പ്രവൃത്തികൾ 2:38; പ്രവൃത്തികൾ 5:32; എഫെസ്യർ 1:14). ആത്മാവല്ല നൽകുന്നത്; ആത്മാവ് ദാനമാണ്. “ആത്മാവിന്റെ മന്ദിരങ്ങളാണ്” നമ്മുടെ ശരീരങ്ങൾ (1 കൊരിന്ത്യർ 6:19, 20).

ക്രിസ്തുവിന്റെ രക്തമാണ് സഭയെ വിലക്ക് വാങ്ങിയത് (പ്രവൃത്തികൾ 20:28; എഫെസ്യർ 5:25–27; 1 കൊരിന്ത്യർ 6:20). ദൈവം ആദ്യം സഭ പണിതപ്പോൾ, ശരിയായിട്ടാണ് പണിതത്. ദൈവം സഭ ആരംഭിക്കുന്നതു പ്രവൃത്തികൾ 2-ൽ കാണാം (പെന്തെകൊസ്തുനാളിൽ). സഭയിൽനിന്നു അവൻ തന്നെ മാറ്റി നിർത്തിയിട്ടില്ല. ദൈവം “ഗ്രൂപ്പുതിരിച്ചുള്ള കാര്യങ്ങളിൽ” ഏർപ്പെട്ടിരുന്നില്ല. സഭയുടെ ജീവനാണ് ആത്മാവ് (1 കൊരിന്ത്യർ 3:16), എന്നാൽ ക്രിസ്ത്യാനികൾക്കുള്ളിൽ വസിച്ചുകൊുമാത്രമേ അവനു സഭയിൽ നിലനിൽപ്പുള്ളൂ. ഭൂമിയിലെ ഏക “വിശുദ്ധസ്ഥലം” ക്രിസ്ത്യാനികളുടെ ഹൃദയങ്ങൾ മാത്രമാണ്.

രു വലിയ അനുഗ്രഹങ്ങളാണ് ദൈവം സഭക്ക് നല്കിയിരിക്കുന്നത്: പ്രാർത്ഥനയും ആത്മാവും. ഇവ രുമില്ലാതെ നമുക്ക് നന്നാവാൻ സാധ്യമല്ല. നാം അനുഭവങ്ങളും, തന്ത്രങ്ങളും, ശൈലികളും, കപടനാട്യങ്ങളും ഉാകുവാൻ ആഗ്രഹിക്കുന്നു; എങ്കിലും പ്രാർത്ഥി ക്കുന്നതിലും ആത്മാവിനെ അനുസരിക്കുന്നതിലും നാം പരാജയപ്പെടുന്നു. ആത്മാവിനെ ആശ്രയിക്കുന്നതിനേക്കാൾ നാം സാമൂഹ്യകാര്യങ്ങളിൽ ആശ്രയിക്കുന്നു. സാത്താൻ പരീക്ഷിക്കുന്നു; ആത്മാവ് നമ്മെ ശക്തിപ്പെടുത്തുന്നു (എഫെസ്യർ 3:14–19). എ. ഡബ്ലിയു. റ്റോസെർ പറഞ്ഞു, “പ്രാരംഭസഭയിൽനിന്നു പരിശുദ്ധാത്മാവിനെ മാറ്റിയിരുന്നുവെങ്കിൽ, അവർ ചെയ്തുകൊിരുന്നതിൽ 90% വും നിന്നുപോകുമായിരുന്നു, എന്നാൽ ഇന്നു പരിശുദ്ധാത്മാവിനെ മാറ്റിയാൽ നിന്നുപോകുന്നതു 10% ആയിരിക്കും.” നമ്മുടെ ഉയർന്ന സാങ്കേതിക രീതികൾ കൂടാതെ തന്നെയാണ്, ശിഷ്യന്മാർ ഒന്നാം നൂറ്റാിലുള്ള ലോക ത്തെ മുഴുവൻ സുവി

ശേഷീകരിച്ചത്. പ്രാർത്ഥനയേയും, തിരുവെഴുത്തിനേയും, ആത്മാവിനേയും ഒരിക്കലും വേർപെടുത്തരുത്.

ആത്മാവ് എവിടെയാണ്? അവനെ എങ്ങനെ കത്തൊം? അനുഭവങ്ങളിലല്ല. പെന്തെകൊസ്തുനാളിൽ സംഭവിച്ചത് ആവർത്തിച്ചില്ല; അന്യ-ഭാഷ നിന്നുപോയി (1 കൊരിന്ത്യർ 13:8-13). ആത്മാവിനെ തിരുവെഴുത്തുകളിൽ കാണാം. "ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകലജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ" (കൊലൊസ്യർ 3:16). ആത്മാവ് "സത്യാത്മാവാണ്" (യോഹന്നാൻ 14:17; 15:26; 16:13). അത്ഭുതം പ്രതീക്ഷിക്കുവാൻ ആളുകളോടു പറഞ്ഞിരുന്നു. പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞത് "പഠിക്കുവാനാണ്" (2 തിമൊഥെയൊസ് 2:15; കെജെവി). എല്ലാ ആത്മിയ വഴിനടത്തിപ്പും തിരുവെഴുത്തിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ആത്മാവ് നേരിട്ടു പ്രവർ ത്തിച്ചതുകൊാോ, സ്വപ്നത്താലോ, അല്ലെങ്കിൽ ദൂതൻ പ്രത്യക്ഷപ്പെട്ടതുകൊാോ ഒരു വ്യക്തിയും പരിവർത്തനം ചെയ്തതായി പ്രവർത്തികളുടെ പുസ്തകത്തിലില്ല. എല്ലാ പരിവർത്തനങ്ങളിലും ഉൾപ്പെട്ടിരുന്നത് മാനുഷികസഹായമായ - വചനവും, സുവിശേഷസന്ദേശവും ആയിരുന്നു. രാജ്യത്തിന്റെ വിത്ത് ദൈവവചനമാണ് (ലൂക്കൊസ് 8:11). തിരുവെഴുത്തിൽ ആരോടും "ആത്മാവിൽ സ്നാനം ഏല്പിൻ" എന്നോ "ആത്മാവിൽ വരം ഉള്ളവരാകുവിൻ" എന്നോ കല്പിച്ചിട്ടില്ല. പിന്നെ നിങ്ങൾ എന്തിനാണ് ആത്മിയ വ്യക്തി ആകുന്നതിനേക്കാൾ ആത്മിയവരങ്ങൾ ലഭിക്കുവാൻ താല്പര്യപ്പെടുന്നത്? മനുഷ്യർ ഊന്നൽ കൊടുക്കുന്നത് "ലഭിക്കുന്നതിൽ" ആണ്; ആത്മാവ് ശ്രദ്ധിക്കുന്നത് "ആകുന്നതിൽ" ആണ്. അതിനുപുറമേ, അത്ഭുതങ്ങൾ സാധാരണയായാൽ, പിന്നെ അത് അത്ഭുതമേ അല്ലല്ലൊ! നാം ആത്മാവിനെ വിശുദ്ധിക്കും, പക്വതയ്ക്കും വേിയാണ് ആഗ്രഹിക്കേ ത്. നാം എന്താകുന്നുവോ അതായി തീരുവാൻ പോകുന്നു.

സ്നേഹം എവിടെയുാോ അവിടെ നമുക്ക് ആത്മാവിനെ കാണാം. അതു അപൂർവ്വമായേ പരിഗണിക്കാറുള്ളൂ. ആത്മിയവരങ്ങളെകുറിച്ചു പറയുന്ന രു അദ്ധ്യായങ്ങളാണ് 1 കൊരിന്ത്യർ 12-ഉം 14-ഉം. അതിനിടക്ക് എന്താണ് ഉള്ളത്? സ്നേഹത്തെകുറിച്ചു പറയുന്ന മഹത്തായ അദ്ധ്യായം, ഒന്നു കൊരിന്ത്യർ 13! "... ദൈവത്തിന്റെ സ്നേഹം നമുക്ക് നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലൊ" (റോമർ 5:5). ആത്മാവിന്റെ ഫലമായുള്ളതാണ് സ്നേഹം! *സമയത്തെ പരിശോധിക്കുക!* 1 കൊരിന്ത്യർ 13 വായിച്ച്, അതിൽ "സ്നേഹം" എന്ന വാക്കിനു പകരം "ക്രിസ്തു" എന്നു ചേർക്കുക. അതു സന്ദർഭത്തിനു ഒരു കുഴപ്പവും വരുത്തുന്നില്ല. പിന്നെ അതിനു പകരം *നിങ്ങളുടെ* പേർ കാണുക. അപ്പോൾ എങ്ങനെയു്? ദിവസേനയുള്ള നിങ്ങളുടെ ജീവിതം മറ്റുള്ളവരിൽ മാറ്റം വരുത്തുന്നുാോ? പൗലൊസ് ക്രിസ്തത്യാനികളോടു പറഞ്ഞു, "ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയതായി, സകല മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ, ഞങ്ങളുടെ പത്രം നിങ്ങൾ തന്നെ" (2 കൊരിന്ത്യർ 3:2).

ആത്മാവ് എവിടെയാണ്? ആത്മാവിനെ കത്തൊൻ സാധിക്കുന്നത് "ആത്മാവിന്റെ ഫലങ്ങൾ" ആയ, "സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, ഇന്ദ്രിയജയം, വിശ്വസ്തത, സൗമ്യത എന്നിവയിലാണ്; ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല" (ഗലാത്യർ 5:22, 23). ഫലം ഏകവചനമാണ്; ഫലങ്ങൾ ബഹുവചനമാണ്. നാം അവി

ടെയും ഇവിടെയുമായി പ്രയത്നിക്കുന്നില്ല. ഒരുമിച്ചു ലഭിക്കുന്നതാണ് ആത്മാവിന്റെ ഫലങ്ങൾ. ആത്മാവിന്റെ ഫലം ഓരോന്നായി വളരുന്നതാണ്, അല്ലാതെ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നമല്ല എന്നർത്ഥം. മനുഷ്യപ്രവൃത്തിയാൽ ആത്മിയ ഫലം നേടുവാൻ ശ്രമിക്കുന്നതുകൊാണ് പല ക്രിസ്ത്യാനികളും നിരുൽസാഹപ്പെടുന്നത്! സ്വയം-അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങൾ അടിസ്ഥാനപരമായി പരാജയപ്പെടും. ആത്മാവിനാൽ മാത്രമേ നമുക്ക് പക്വതയിലെത്തുവാൻ കഴിയൂ. അനുഭവങ്ങളാലോ, പ്രത്യേക വരങ്ങളാലോ, അത്ഭുതങ്ങളാലോ അളക്കാവുന്നതല്ല ആത്മിയത. ആത്മിയ നന്മയാലും പക്വതയാലും മാത്രമേ അതിനെ അളക്കുവാൻ കഴിയൂ. ആത്മാവിന്റെ ഫലങ്ങളിൽ നിന്നു മാത്രമേ നാം ആഗ്രഹിക്കുന്ന ആത്മിയത ലഭിക്കുകയുള്ളൂ. എന്തു ലഭിക്കുന്നു എന്നതല്ല, എന്തു പയോഗിക്കുന്നു എന്നതാണ് പ്രശ്നം. സമയമാകുമ്പോൾ, ചോളച്ചെടിയിൽ ചോളം കായ്ക്കുന്നു. മനുഷ്യന് ചോളം ഉൽപ്പാദിപ്പിക്കുവാൻ കഴിയുകയില്ല. ക്രിസ്തുവിൽ, ആത്മാവിനാൽ, ദൈവം ശിഷ്യന്മാരെ പുറപ്പെടുവിക്കുന്നു. നാമെല്ലാവരും ആഗ്രഹിക്കുന്ന ഒന്നാണ് ഇന്ദ്രിയ-ജയം. നമ്മെ ദൈവത്തിനു ഏല്പിക്കുവാൻ കഴിയുന്നതു വരെ, നമുക്ക് നമ്മെ നിയന്ത്രിക്കുവാൻ സാധ്യമല്ല. ക്രിസ്തുവിനെ പോലെ ആകണം ആത്മാവിന്റെ ഫലം. നാം "ആത്മാവിനെ പോലെ" അല്ല ആകുന്നത്; നാം "ക്രിസ്തുവിനെപോലെ" ആണ് ആകുന്നത്. ഒരു കുഞ്ഞ് ജനിക്കുമ്പോൾ, അവൻ തികച്ചും മനുഷ്യക്കുഞ്ഞായിരിക്കും. അവൻ കൂടുതൽ മനുഷ്യനാകുവാൻ സാധ്യമല്ല. സ്നാനപ്പെടുമ്പോൾ നമുക്ക് ആത്മാവിനെ ലഭിക്കുന്നു. നമ്മിൽ കൂടുതൽ ആത്മാവ് ഉാകുവാൻ സാധ്യമല്ല. അവന്റേതായ "എല്ലാം" ഓരോ ദൈവപൈതലിലും ഉ്. "ആത്മാവിൽ നമ്മുടെ 'എല്ലാം' ഉാേ?" എന്നതാണ് ചോദ്യം. ആത്മാവു നമ്മുടേതാണ്. ആത്മിയതയുടെ രഹസ്യം ടേപ്പുകളിലോ, സെമിനാറുകളിലോ, അനുഭവങ്ങളിലോ, കപട പ്രകടനങ്ങളിലോ അല്ല ഉള്ളത്. ആത്മിയതയുടെ രഹസ്യം ആത്മാവു തന്നെയാണ്! "സകല സൽഗുണവും നീതിയും സത്യവുമല്ലൊ വെളിച്ചത്തിന്റെ ഫലം" (എഫെസ്യർ 5:9).

### ആത്മാവിനാൽ നിറയുക

മൂന്നു ശക്തമായ കല്പനകൾ പൗലൊസ് എഫെസ്യർ 5-ൽ നല്കി യിട്ടു്: "... ദൈവത്തിന്റെ അനുകാരികൾ ആകുവിൻ" (വാ.1); "... സ്നേഹത്തിൽ നടപ്പിൻ" (വാ.2); "... വെളിച്ചത്തിന്റെ മക്കളായി നടപ്പിൻ" (വാ.8). പിന്നെ അവൻ പറഞ്ഞു, "... ആത്മാവു നിറഞ്ഞവരാകുവിൻ" (വാ.18). ആദ്യം, കല്പന ആജ്ഞാരൂപത്തിലാണ് നൽകിയതെന്ന്, ശ്രദ്ധിക്കുക. "*നിങ്ങൾ* ആത്മാവു നിറഞ്ഞവരാകുവിൻ" എന്നാണ്, പൗലൊസ് അർത്ഥമാക്കിയത്. തിരഞ്ഞെടുപ്പും, തീരുമാനവും, പ്രവൃത്തിയും നമ്മുടേതാണ്. ഇത് വ്യക്തമായി പറഞ്ഞിരിക്കുന്നു.

രാമതു, "നിറഞ്ഞവരാകുവിൻ" എന്ന പദപ്രയോഗം ബഹുവചനരൂപത്തിലാണ്: "നാമെല്ലാവരും" നിറയേ വരാണ്. "നമുക്ക് എല്ലാവർക്കും" ഒരിക്കലും അത്ഭുതവരങ്ങൾ ഉായിരുന്നില്ല!

മൂന്നാമത്, അതു നിഷ്ക്രിയ കാലത്തിലാണ് പറഞ്ഞിരിക്കുന്നത്: "ആത്മാവ് നിങ്ങളിൽ നിറയട്ടെ." നിറഞ്ഞ കപ്പ് ഒന്നുകൂടി നിറക്കുവാൻ സാധ്യമല്ല. നിറയേതിനു, ആദ്യം ശൂന്യമാകുവാൻ നമ്മെ അനുവദിക്കണം. ഒരു നിറഞ്ഞ പാത്രത്തിലേക്ക് ഒന്നും ചേർക്കുവാൻ സാധ്യമല്ല. നാം സ്വയം മരിക്കുകയോ,

ശൂന്യമാക്കുകയോ ചെയ്യുമ്പോൾ, നമുക്ക് ആത്മാവിനാൽ നിറയുവാൻ കഴിയും.

നാലാമത്, കല്പന വർത്തമാനകാലത്തിലാണ്. യേശു നമ്മെ അനാഥരായി വിട്ടുകളഞ്ഞില്ല (യോഹന്നാൻ 13:18 നോക്കുക). “ആത്മാവു നിറഞ്ഞവരായി *ഇരിപ്പിൻ*” എന്നാണ്, പൗലൊസ് പറഞ്ഞത്. നിറഞ്ഞിരിക്കുന്നതു, ആയുഷ്ക്കാലം മുഴുവൻ തുടരേ ഒന്നാണ്. നാം നിറയുകയും വീം നിറയുകയും വേണം. ആരോ ഒരാൾ ഇതിനെ വിവരിച്ചത് പായ്കപ്പലിന്റെ പായിൽ കാറ്റു നിറയുന്നതു പോലെ എന്നാണ്.

നിങ്ങളോടുതന്നെ ഇങ്ങനെ ചോദിക്കുക: “എന്റെ ക്രിസ്തീയ നടപ്പിൽ ഞാൻ തൃപ്തനാണോ?”

***വന്ന്, എന്നോടുകൂടെ നടക്കുക.***